ലൈക് പേജ്


ബഷീർ തൃപ്പനച്ചി

basheerudheentp@gmail.com


**നിയമം ചിലരോട് സൗമ്യമായും മറ്റു ചിലരോട് കർക്കശമായും പെരുമാറുമെന്നതിന്റെ ഇനിയും തുടരുന്ന ഉദാഹരണമാണ് കഴിഞ്ഞ വാരങ്ങളിൽ ചാനലുകളിലും പത്രങ്ങളിലും നിറഞ്ഞുനിന്ന യതീംഖാനാ വിവാദം. നിയമത്തിന് മുമ്പിൽ എല്ലാവരും ഒരുപോലെയാണെങ്കിലും അത് നടപ്പാക്കുന്നവരുടെ മുന്നിൽ അകപ്പെടുന്നവരുടെ ജാതിയും മതവുമനുസരിച്ച് സമീപനരീതികളും മാറും.**

# നിയമം ഒരു ചിലന്തിവലയാണ്

നിയമം ചിലന്തിവല പോലെയാണ്. ചെറിയ പ്രാണികൾ അതിൽ വീഴുകയും വലിയ പ്രാണികൾ രക്ഷപ്പെടുകയും ചെയ്യും.

- ബൽസാക്ക്

നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്ന മന്ത്രി വാക്യത്തെ അത്ര പെട്ടെന്ന് മലയാളിക്ക് മറക്കാനാവില്ല. മന്ത്രി പറഞ്ഞ ആ നിയമം മഅ്ദനിയെ വണ്ടിയിൽ കയറ്റി കർണാടകയിലേക്ക് കൊണ്ടുപോയത് വീട്ടിലെ സ്വീകരണ മുറിയിലിരുന്ന് ന്യൂസ് ചാനലുകളിൽ ലൈവ് ഷോ കണ്ടവരാണ് നാം. പത്തിലധികം തട്ടിപ്പ് കേസുകളിൽ പ്രതിയായ സരിത എസ് നായർ അധികം അകത്തിരുന്നാൽ ആപത്താണെന്ന് മന്ത്രിമാർക്കടക്കം മനസ്സിലായപ്പോൾ ഒന്നൊന്നായി ഓരോ കേസിലും ജാമ്യം നേടി 'നിയമത്തിന്റെ വഴിയെ' അവർ പുറത്തു വരുന്ന കാഴ്ചകൾ നമുക്ക് കാണിച്ചുതന്നതും ഇതേ ന്യൂസ് ചാനലുകളായിരുന്നു.



നിയമം ചിലരോട് സൗമ്യമായും മറ്റു ചിലരോട് കർക്കശമായും പെരുമാറുമെന്നതിന്റെ ഇനിയും തുടരുന്ന ഉദാഹരണമാണ് കഴിഞ്ഞ വാരങ്ങളിൽ ചാനലുകളിലും പത്രങ്ങളിലും നിറഞ്ഞുനിന്ന യതീംഖാനാ വിവാദം. നിയമത്തിന് മുമ്പിൽ എല്ലാവരും ഒരുപോലെയാണെങ്കിലും അത് നടപ്പാക്കുന്നവരുടെ മുന്നിൽ അകപ്പെടുന്നവരുടെ ജാതിയും മതവുമനുസരിച്ച് സമീപനരീതികളും മാറും. അതുവരെ ഏടുകളിൽ ഉറങ്ങിക്കിടന്നിരുന്ന നിയമത്തിന്റെ വരികൾ പോലും അപ്പോൾ സടകുടഞ്ഞെഴുന്നേൽക്കും. കേവലം ഫൈനിലോ താക്കീതിലോ അല്ലെങ്കിൽ സില്ലി കേസിലോ ഒതുക്കേണ്ട കേസുകളുടെ വകുപ്പ് തന്നെ മാറി ജാമ്യം പോലും നിഷേധിക്കുന്ന കുറ്റം ചുമത്തപ്പെടും. കുട്ടികളെ സംരക്ഷിക്കാനെന്ന് പറഞ്ഞ് ഇടപെടുന്ന ശിശുക്ഷേമ നിയമങ്ങൾ പോലും അവരെ കരയിപ്പിക്കുകയും ഭീതിയിലകപ്പെടുത്തുകയും ചെയ്യും. എല്ലാം ആഘോഷമാക്കുന്ന ചാനലുകൾ നിയമപാലകരുടെ ഔദ്യോഗിക ഭാഷ്യങ്ങൾക്കപ്പുറത്തേക്ക് കാമറ സൂം ചെയ്താൽ തങ്ങളുടെ സ്ഥിരം മതേതര പ്രേക്ഷകർക്കത് ഇഷ്ടമാകില്ലെന്ന് തിരിച്ചറിഞ്ഞ് സംഭവത്തിന്റെ ഔദ്യോഗിക വക്താവാകും. ഇതൊക്കെയാണ് യതീംഖാന വിവാദത്തിലും ആവർത്തിച്ചത്.

മനുഷ്യക്കടത്തോ ബാലവേലയോ ലൈംഗിക ചൂഷണമോ ഒന്നുമല്ല ഇവിടെ നിയമത്തിന്റെ വലമുറുകാൻ കാരണം. കുട്ടികളുമായി ബന്ധപ്പെട്ട ഇപ്പറഞ്ഞ മൂന്ന് നിയമവിരുദ്ധ പ്രവർത്തനങ്ങളും ഏറ്റവും കൂടുതൽ അരങ്ങേറുന്നത് ഉത്തരേന്ത്യൻ കുട്ടികളെ തടഞ്ഞുവെച്ച ഇന്ത്യൻ റെയിൽവേയിൽ തന്നെയാണ്. ഒരു ദിവസം ഇന്ത്യയൊട്ടാകെയുള്ള ട്രെയ്നുകൾ റെയ്ഡ് ചെയ്താൽ ബാലവേല ചെയ്യുന്നവരും ഭിക്ഷ യാചിക്കുന്നവരുമായ പതിനായിരക്കണക്കിന് കുട്ടികളെ പിടികിട്ടും. അവരിൽ ചിലർക്കെങ്കിലും പിറകിൽ ഭിക്ഷാടന മാഫിയയും സെക്സ് മാഫിയയും ആണെന്നതും യാഥാർഥ്യമാണ്.

അപ്പോൾ കുട്ടികളോ കുട്ടികളുടെ പ്രശ്നങ്ങളോ അല്ല, അവരുടെ സമുദായമാണ് മുഖ്യപ്രശ്നം. അല്ലെങ്കിൽ മതിയായ രേഖകൾ ഹാജരാക്കാൻ ബന്ധപ്പെട്ട ഓർഫനേജിന് സമയം നൽകിയാൽ തീരാവുന്ന പ്രശ്നമേ ഇവിടെ ഉണ്ടായിരുന്നുള്ളൂ. പക്ഷേ, സമുദായം 'വേറെ' ആയതുകൊണ്ട് നിയമം അതിന്റെ വഴിക്ക് പോകാൻ തീരുമാനിച്ചു. കുട്ടികൾ പഠിക്കുന്ന യതീംഖാനയുടെ സൗകര്യം പോലുമില്ലാത്ത ശിശുഭവനങ്ങളിലേക്ക് അവരെ മാറ്റിപ്പാർപ്പിച്ചു. കുട്ടികളുടെ സംരക്ഷണവുമായി അവരുടെ കൂടെ വന്ന യതീംഖാന അധ്യാപകർ അടക്കമുള്ള മുതിർന്നവരെ മനുഷ്യക്കടത്തിന് ജാമ്യമില്ലാ വകുപ്പ് ചുമത്തി ജയിലിലടച്ചു. പൊതുവെ 'ശല്യക്കാരും' രാജ്യത്തിന്റെ ഭാവിക്ക് 'ഭീഷണി'യുമായ ഈ ഉത്തരേന്ത്യൻ പൊല്ലാപ്പുകളെ സമത്വ സുന്ദര കേരളത്തിലേക്ക് എന്തിന് കൊണ്ടുവന്നുവെന്ന് ആഭ്യന്തര മന്ത്രി പത്രസമ്മേളനം വിളിച്ചു ചോദിച്ചു. തീവ്രവാദ കഥകളും ബംഗ്ലാദേശി നുഴഞ്ഞുകയറ്റവുമെല്ലാം ചേർത്തെഴുതി മാധ്യമങ്ങളും ആ ചോദ്യമാവർത്തിച്ചു. ഇതെല്ലാം വായിച്ചിട്ടാവണം യതീംഖാനയിൽ നിന്ന് പഠിച്ചിറങ്ങുന്നവർ 'മുഖ്യധാര'യിലുണ്ടോയെന്ന് പരിശോധിക്കുമെന്ന് മനുഷ്യാവകാശത്തിന്റെ ഡി.ഐ.ജിയും പ്രഖ്യാപിച്ചു. ഇപ്പോൾ കുട്ടികളെ തേടി കമ്മീഷനുകളുടെ വരവാണ്. ഈ ഇരകൾ നിമയപരമായി തങ്ങൾക്ക് മാത്രം അവകാശപ്പെട്ടതാണെന്നാണ് അവർ ഓരോരുത്തരും നിയമമുദ്ധരിച്ച് വാദിക്കുന്നത്. നിയമത്തിന്റെ വഴിയിൽ ഇനിയുമെന്തൊക്കെ വരാൻ പോകുന്നോ ആവോ. ഏതായാലും പുതിയൊരു അധ്യയന വർഷാരംഭത്തിൽ ഒരു വിദ്യാലയത്തിൽ നിന്നും ലഭിക്കാത്ത, മതവും ജാതിയും വേർതിരിക്കുന്ന നമ്മുടെ നിയമത്തിന്റെ ബാലപാഠങ്ങൾ ആ ഉത്തരേന്ത്യൻ വിദ്യാർഥികൾക്ക് ലഭിച്ചുവെന്നാശ്വസിക്കാം. ■


Vol. No: 71 Issue No. 03 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla